പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5321 — 01/07/2014 ൽ മറുപടിയ്ക്ക്

# സമഗ്ര ഇ — മാലിന്യ നയം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി** | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പുമന്ത്രി** |
| **(എ)** ഇലക്ട്രോണിക് മാലിന്യങ്ങൾ പ്രകൃതിയിൽ വരുത്തുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; | **(എ)** പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| **(ബി)** ഒരു സമഗ്ര ഇ-മാലിന്യ നയത്തിന് രൂപം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | **(ബി)** ഇ-മാലിന്യങ്ങളുടെ സുരക്ഷിതമായ ശേഖരണം, സംഭരിക്കൽ, കയറ്റി അയയ്ക്കൽ, ശാസ്ത്രീയമായ നശിപ്പിക്കൽ എന്നിവ സംബന്ധിച്ചുള്ള നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 1.1.2014 ലെ ജി.ഒ. (എം.എസ്.) 01/2014/പരി നമ്പർ ഉത്തരവു പ്രകാരം സർക്കാർ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. |
| **(സി)** വിദേശരാഷ്ട്രങ്ങളെപ്പോലെ, ഉല്പാദിപ്പിക്കുന്നവർ തന്നെ ഇലക്ട്രോണിക് മാലിന്യങ്ങൾ തിരിച്ചെടുക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | **(സി)** കേന്ദ്രസർക്കാർ 2011 -ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ്) ചട്ടങ്ങൾ, 2011 പ്രകാരം extended producer responsibility യുടെ അടിസ്ഥാനത്തിൽ ഇ — മാലിന്യം (ഇലക്ട്രിക്/ ഇലക്ട്രോണിക് ഉപകരണങ്ങളും ഉല്പാദനത്തിലും അവയുടെ ഉപയോഗശേഷവുമുള്ള) ശേഖരിക്കുന്നതിനും അവ അംഗീകൃത കളക്ഷൻ സെന്റർ / ഡിസ്മാൻലർ / റീസൈക്കളർക്ക് എത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും ഇ-ഉല്പന്നങ്ങളുടെ ഉല്പാദകർക്ക് ഉത്തരവാദിത്തമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നടക്കുന്നില്ല. ആയതിനാൽ ഇ — ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്ന പ്രധാന ഉൽപ്പാദകരിലൂടെ ഇത് നടപ്പിലാക്കുന്നത് ഏറെ ശ്രമകരമാണ്. രാജ്യത്തെ പ്രധാന ഇ — ഉൽപ്പാദകരുടെ ഒരു യോഗം ഇ — വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയിരുന്നു. ആയതിൽ ഇ — ഉൽപ്പാദ |

കരുടെ ഒരു കൺസോർഷ്യം (consortium) ഉണ്ടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഉല്പാദകരുടെ ശ്രദ്ധക്ഷണിച്ചുവെങ്കിലും ആരും ഇതിലേക്കായി മുന്നോട്ടുവന്നിട്ടില്ല. ഇ — ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിയുന്നത് വാണിജ്യ സംരംഭകരിലൂടെയാണ് (Whole sale & Retails shops വഴി). ഇവർ ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നില്ല. ആയതിനാൽ അനുമതി പ്രക്രിയയിലൂടെ ഉപയോഗ ശേഷമുള്ള ഇ .— മാലിന്യം തിരിച്ചെടുക്കുവാനുള്ള സംവിധാനം ( take back system) പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ